## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **10-06-2024 - ൽ മറുപടിയ്ക്ക്**

### കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിട്ടും കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നിർമ്മിക്കുന്ന കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം നാളിതുവരെയായും ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കൂത്തുപറമ്പ് കോടതി സമുച്ചത്തിന്റെ നിർമ്മാണത്തിന് 2016 ഡിഎസ്ആർ അടിസ്ഥാനമാക്കി 17.05.2018ന്, 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2018 DSR പ്രകാരം GRIHA റേറ്റിംഗ് സ്പെസിഫിക്കേഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി കൂത്തുപറമ്പ് കോടതിസമുച്ചയത്തിന് 30 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകുകയുണ്ടായി. ഇത് പ്രകാരം കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് റിവൈസ്ഡ് എസ്റ്റിമേറ്റ്സ് അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും, നിർദ്ദേശിച്ച പ്രകാരം എസ്റ്റിമേറ്റ്സിൽ മാറ്റങ്ങൾ വരുത്തേണ്ടി വരികയും ചെയ്തു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ്സിലെ അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പൂർത്തിയാക്കി സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരം തേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ വർക്കുകളിലെ അപാകതകളും മറ്റും പരിഹരിച്ച് തിരികെ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെട്ടിട്ടും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആയത് ഇതുവരെയും സമർപ്പിക്കാത്തത് അടിയന്തരമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | കൂത്തുപറമ്പ് കോടതി സമുച്ചത്തിന്റെ നിർമ്മാണത്തിന് 2016 ഡിഎസ്ആർ അടിസ്ഥാനമാക്കി 17.05.2018ന്, 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 2018 DSR പ്രകാരം GRIHA റേറ്റിംഗ് സ്പെസിഫിക്കേഷൻ അനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്തി കൂത്തുപറമ്പ് കോടതിസമുച്ചയത്തിന് 30 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകുകയുണ്ടായി. ഇത് പ്രകാരം കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് റിവൈസ്ഡ് എസ്റ്റിമേറ്റ്സ് അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും, നിർദ്ദേശിച്ച പ്രകാരം എസ്റ്റിമേറ്റ്സിൽ മാറ്റങ്ങൾ വരുത്തേണ്ടി വരികയും ചെയ്തു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ്സിലെ അപാകതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പൂർത്തിയാക്കി സാങ്കേതിക |

| | | | |
|---|---|---|---|
| | | | കമ്മിറ്റിയുടെ അംഗീകാരം തേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലതാമസം കാരണം അനന്തമായി നീണ്ടുപോകുന്ന മജിസ്ട്രേറ്റ് കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർ തലത്തിൽ നിർദേശം നൽകുമോ; വിശദമാക്കുമോ? | (സി) | പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി അംഗീകാരം നൽകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം ഉണ്ടാവുകയില്ല. |

സെക്ഷൻ ഓഫീസർ